# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.531** | **20.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സെന്ററുകൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ**<br>**ശ്രീ.ടി.വി.ഇബ്രാഹിം**<br>**ഡോ.എം.കെ.മുനീർ**<br>**ശ്രീ.കെ.എം.ഷാജി** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളെ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുവേണ്ടി പ്രത്യേക കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിനു കീഴിൽ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി മുഖേന ഒരു സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ പ്രവർത്തിച്ചു വരുന്നു. കൂടാതെ പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട 30 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികളെ കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങളിലയച്ച് പരിശീലനം നല്കുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ICSETS മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

(ബി) പ്രസ്തുത കോച്ചിംഗ് സെന്ററുകളിലൂടെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടാക്കാനായ നേട്ടങ്ങളെന്തൊക്കെയാണ്; ഇത്തരം കോച്ചിംഗ് സെന്ററുകൾ പുതുതായി സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) യിലൂടെ 2002 മുതൽ നാളിതുവരെ 13 പേർക്ക് പ്രവേശനം നേടാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | പേര് | സർവ്വീസ് |
|---|---|---|---|
| 1 | 2002 | വി.കെ.പ്രശാന്ത് | IRS |
| 2 | 2003 | കെ.ഇ.സേതുരാമൻ | IPS |
| 3 | 2003 | അനിൽ കുമാർ | IRTS |
| 4 | 2004 | കെ.കെ. സുജ | IRTS |
| 5 | 2005 | സാജു സുരേന്ദ്രൻ | IES |
| 6 | 2010 | ലൈനാ ബാലൻ | IRS |
| 7 | 2010 | പ്രദീപ് കെ.എസ് | IFOS |
| 8 | 2010 | വിസ്മിജു വിശ്വനാഥ് | IFOS |
| 9 | 2011 | മിഥുൻ ടി.ആർ. | IFS |
| 10 | 2012 | ഡോ.ലില്ലി ജി. | IFS |
| 11 | 2016 | മിഥുൻ.വി.സോമരാജ് (2010-11 ബാച്ച് ) | IRTS |
| 12 | 2016 | വിജീഷ് കുമാർ റ്റി.ജി (2007-08 ബാച്ച്) | IRTS (Central Excise & Customs) |
| 13 | 2019 | ശ്രീധന്യ സുരേഷ് (2016-17 ബാച്ച്) | IAS |

നിലവിൽ പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പുതിയ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(സി) എങ്കിൽ , അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങളും ആയതിലേക്കുള്ള വിദ്യാർത്ഥി പ്രവേശനരീതിയും വ്യക്തമാക്കുമോ?

(സി) ബാധകമല്ല.

സെക്ഷൻ ഓഫീസർ